# പതിനഞ്ചാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം - 2

## 2024 ജൂൺ 10

**നമ്പർ : 511**

സംസ്ഥാനത്തിന്റെ നാമധേയം ഭരണഘടനയിൽ 'കേരളം' എന്ന് ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ 2023 ആഗസ്റ്റ് 9-ന് ബഹു.മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ച് ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിൽ, ഭരണഘടനയുടെ ഒന്നാം പട്ടികയിലും എട്ടാം പട്ടികയിലും നമ്മുടെ സംസ്ഥാനത്തിന്റെ പേര് 'കേരള' എന്നതിന് പകരം 'കേരളം' എന്ന് മാറ്റുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, സംസ്ഥാനത്തിന്റെ നാമധേയം ഇപ്രകാരം ഭേദഗതി വരുത്തുന്നതിന് ഭരണഘടനയുടെ ഒന്നാം പട്ടികയിൽ മാത്രം ഭേദഗതി വരുത്തിയാൽ മതിയാകുമെന്നും എട്ടാം പട്ടികയിൽ മാറ്റം വരുത്തേണ്ടതില്ലെന്നും കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന പുതുക്കിയ പ്രമേയം ബഹു.മുഖ്യമന്ത്രി അവതരിപ്പിക്കുന്നതാണ്.

"നമ്മുടെ സംസ്ഥാനത്തിന്റെ നാമധേയം മലയാള ഭാഷയിൽ കേരളം എന്നാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവൽക്കരിക്കപ്പെട്ടത് 1956 നവംബർ 1-നാണ്. കേരളപ്പിറവി ദിനവും നവംബർ 1-നാണ്. മലയാള ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്കായി ഐക്യകേരളം രൂപപ്പെടണമെന്നത് ദേശീയ സ്വാതന്ത്ര്യസമര കാലം മുതൽ ശക്തിയായി ഉയർന്നു വന്നിരുന്ന ആവശ്യമാണ്. എന്നാൽ ഭരണഘടനയുടെ ഒന്നാം പട്ടികയിൽ നമ്മുടെ സംസ്ഥാനത്തിന്റെ പേര് 'കേരള' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് 'കേരളം' എന്നാക്കി ഭേദഗതി വരുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ ഭരണഘടനയുടെ അനുച്ഛേദം 3 പ്രകാരം കൈക്കൊള്ളണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു."

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.